"ഭരണഭാഷ മാതൃഭാഷ"

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ &**
**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**

*(ഹാജർ - ഡോ: നവജ്യോത് ഖോസ ഐ.എ.എസ്)*

**(ദുരന്തനിവാരണ നിയമം 2005, വകുപ്പ് 26, 30, 34 എന്നിവ പ്രകാരം ഉത്തരവാകുന്നത്)**

DDMA/01/2020/COVID/H7 തീയതി : 21/01/2022

വിഷയം : കോവിഡ്-19 പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ- പൊതു ചടങ്ങുകൾക്കും ഒത്തുചേരലുകൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

പരാമർശം :
1) സ.ഉ (MS) No. 54/2020 H&FWD നമ്പർ 243/2020 തീയതി 21/03/2020 ൽ പ്രസിദ്ധീകരിച്ചത്
2) സ.ഉ (Rt) No. 68/2022/DMD നമ്പർ തീയതി 20/01/2022 ൽ പ്രസിദ്ധീകരിച്ചത്
3) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം 14/01/2022 ലെ റിപ്പോർട്ട്

************************************

കോവിഡ് - 19 രോഗബാധ അന്താരാഷ്ട്ര തലത്തിൽ പകർച്ചാവ്യാധിയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിട്ടുണ്ട്. ഭാരത സർക്കാരും കോവിഡ് 19 നെ ദുരന്തമായി പ്രഖ്യാപിക്കുകയും നിരവധി വ്യാപന ലഘൂകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാരും നിരവധി കോവിഡ് വ്യാപന ലഘൂകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർശന നിരീക്ഷണമാണ് ഈ പകർച്ചവ്യാധി തടയുന്നതിനുള്ള ഏറ്റവും പ്രധാന മാർഗ്ഗമായതിനാൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയോട് കോവിഡ് പ്രതിരോധിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സർക്കാർ കേരള പകർച്ചവ്യാധിയായി പുറപ്പെടുവിച്ച SRO വിജ്ഞാപനം, ഔദ്യോഗിക ഗസറ്റിൽ 2020-ലെ കോവിഡ് 19 നിയന്ത്രണങ്ങൾ, രോഗം തടയുന്നതിന് സാധ്യമായ എല്ലാ നടപടികളും ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

കേരള സർക്കാർ രണ്ടാം സൂചന പ്രകാരം കോവിഡ് 19 നിയന്ത്രണ വിധേയമാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ആശുപത്രികളിൽ അഡ്മിറ്റാകുന്ന രോഗികളുടെ 20/01/2022 ലെ ഡേറ്റാ പരിശോധിച്ചതിൽ കോവിഡ് ICU കേസുകൾ ഇരട്ടി ആയതായും ആകെ ആശുപത്രി

അഡ്മിഷന്റെ 10 ശതമാനത്തിനു മുകളിൽ കോവിഡ് രോഗികൾ നിലവിലുള്ള സാഹചര്യത്തിലും ജില്ലയെ പരാമർശം (2) പ്രകാരം പരാമർശിച്ചിട്ടുള്ളതിൽ ''ബി വിഭാഗത്തിൽ'' ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാകളക്ടർ ആയ ഡോ. നവജ്യോത് ഖോസ് ഐ എ എസ് എന്ന ഞാൻ ദുരന്തനിവാരണ നിയമം 2005 പ്രകാരം എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഇതേ നിയമത്തിന്റെ വകുപ്പ് 26, 30, 34 പ്രകാരം താഴെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

**ജില്ലയിൽ താഴെ പറയുന്ന നിയന്ത്രണങ്ങൾ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ കർശനമായി നടപ്പിലാക്കേണ്ടതാണ്.**

1) ജില്ലയിൽ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മതപരമായ സാമുദായികപരമായ യാതൊരുവിധ പൊതുചടങ്ങുകളും അനുവദിക്കുന്നതല്ല. വിവാഹം മരണാനന്തര ചടങ്ങുകൾ എന്നിവ 20 പേരെ മാത്രം ഉൾക്കൊള്ളിച്ച് നടത്തേണ്ടതാണ്.

2) ആരാധനായലയങ്ങളിലുള്ള പ്രാർത്ഥനയും മറ്റ് ചടങ്ങുകളും ഓൺലൈനായി മാത്രം നടത്തേണ്ടതാണ്.

3) പൊതുചടങ്ങുകൾക്കോ യോഗങ്ങൾക്കോ നിലവിൽ ഏതെങ്കിലും അധികാരി അനുമതി നൽകിയിട്ടുണ്ടെങ്കിൽ അപ്രകാരം നൽകിയ ഉത്തരവ് ഇതിനാൽ റദ്ദാക്കുന്നു.

4) മാളുകളിലുള്ള കളിസ്ഥലങ്ങൾ പൂർണ്ണമായും അടയ്ക്കേണ്ടതാണ്.

5) 21/01/2022 മുതൽ 9-ാം ക്ലാസുവരെയുള്ള ക്ലാസുകൾ ഓൺലൈനായി നടത്തേണ്ടതാണ്.

6) ക്രമ നമ്പർ 5-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ബഡ്സ് സ്കൂളുകൾ തെറാപ്പികളുമായി ബന്ധപ്പെട്ട് നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾ എന്നിവയ്ക്ക് ബാധകമല്ല എന്നിരുന്നാലും പ്രസ്തുത സ്ഥലത്ത് ക്ലസ്റ്റർ രൂപപ്പെട്ടാൽ 15 ദിവസത്തേക്ക് പ്രസ്തുത സ്കൂളുകൾ അടച്ചിടേണ്ടതാണ്.

7) 10 മുതൽ 12 വരെയുള്ള ക്ലാസുൾക്ക് ഓഫ്‌ലൈൻ ക്ലാസുകൾ അനുവദനീയമാണ്.

8) ഞാറാഴ്ചകളിൽ (23/01/2022, 30/01/2022) ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അനുബന്ധ പ്രകാരമുള്ള അവശ്യ സർവ്വീസുകൾ മാത്രമെ പ്രവർത്തിക്കുവാൻ പാടുള്ളു

**ജില്ലാ കളക്ടർ & ചെയർപേഴ്സൺ**
**ജില്ലാ ദുരന്തനിവാരണ അതോറിട്ടി, തിരുവനന്തപുരം**

**പകർപ്പ്.**

1. കമ്മീഷണർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
2. ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം (സിറ്റി,)
3. ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം (റൂറൽ)
4. ജില്ലാ വികസന കമ്മീഷണർ, തിരുവനന്തപുരം
5. ADM , തിരുവനന്തപുരം
6. തിരുവനന്തപുരം/നെടുമങ്ങാട് ആർ.ഡി.ഒ മാർക്ക്
7. മെമ്പർ സെക്രട്ടറി, KSDMA
8. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം
9. സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്
10. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
11. എല്ലാ തഹസിൽദാർമാർക്കും
12. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം
13. ഡെപ്യൂട്ടി ഡയറക്ടർ എഡ്യൂക്കേഷൻ, തിരുവനന്തപുരം
14. റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ തിരുവനന്തപുരം
15. ഡയറക്ടർ കൊളിജിയേറ്റ് എഡ്യൂക്കേഷൻ, തിരുവനന്തപുരം
16. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം
17. കരുതൽ ഫയൽ

## അനുബന്ധം

1) കോവിഡ് 19 മായി ബന്ധപ്പെട്ട് അവശ്യ സർവ്വീസുകളായി പ്രവർത്തിക്കുന്ന കേന്ദ്ര, സംസ്ഥാന സ്വയംഭരണ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വകുപ്പ് തലവൻമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രവർത്തിക്കാവുന്നതാണ്. ടി സ്ഥാപനങ്ങളിലെ ജീവനക്കാർ യാത്രയ്ക്കായി തിരിച്ചറിയൽ കാർഡ് കരുതേണ്ടതാണ്.

2) അടിയന്തിരവും അവശ്യവുമായി പ്രവർത്തിക്കേണ്ട കമ്പനികൾ, വ്യവസായ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ 24x 7 സമയക്രമത്തിൽ പ്രവർത്തിക്കാവുന്നതാണ്. ടി സ്ഥാപനങ്ങളിലെ ജീവനക്കാർ പ്രസ്തുത സ്ഥാപനങ്ങൾ നൽകിയിട്ടുള്ള അംഗീകൃത തിരിച്ചറിയൽ കാർഡ് യാത്രയ്ക്കായി ഉപയോഗിക്കേണ്ടതാണ്. ഐ.ടി മേഖലകളിൽ അവശ്യ ജീവനക്കാർ മാത്രമെ ഓഫീസുകളിൽ ഹാജരാകാൻ പാടുള്ളു.

3) അടിയന്തിര സാഹചര്യങ്ങളിൽ രോഗികൾ, കൂട്ടിരിപ്പുകാർ, വാക്സിനേഷനുമായി ബന്ധപ്പെട്ട വ്യക്തികൾ എന്നിവർക്ക് മതിയായ ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ അതാത് ആശുപത്രികളിലേക്കും വാക്സിനേഷൻ കേന്ദ്രങ്ങളിലേക്കും യാത്രകൾ അനുവദിക്കുന്നു.

4) ദീർഘ ദൂര ബസ്സ് യാത്രകൾ, ട്രെയിൻ, വിമാന സർവ്വീസുകൾ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ബന്ധപ്പെട്ട യാത്രാ രേഖകളുമായി ബസ്സ് ടെർമിനലുകൾ, റെയിൽവെ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നീ സ്ഥലങ്ങളിലേക്കുള്ള യാത്രകൾ അനുവദിക്കുന്നു.

5) പഴം, പച്ചക്കറി, പാൽ, മത്സ്യ – മാംസങ്ങൾ വിൽക്കുന്ന ഷോപ്പുകൾ, കള്ള് ഷാപ്പുകൾ എന്നിവ രാവിലെ 7 മുതൽ രാത്രി 9 മണിവരെ പ്രവർത്തിക്കാവുന്നതാണ്. ടി സ്ഥാപനങ്ങൾ ഹോം ഡെലിവറി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

6) റെസ്റ്റോറന്റുകളും ബേക്കറികളും രാവിലെ 7 മുതൽ രാത്രി 9 വരെ പാഴ്സൽ സംവിധാനം/ ഹോം ഡെലിവറിക്കും മാത്രമേ അനുവദിക്കു.

7) 20 പേരായി പരിമിതപ്പെടുത്തിയും കോവിഡ്-19 പ്രോട്ടോക്കോളുകൾ കർശനമായി പാലിച്ചും വിവാഹങ്ങളും ശവസംസ്കാര ചടങ്ങുകളും അനുവദനീയമാണ്.

8) ഹോം ഡെലിവറി ചെയ്യുന്നതിനുള്ള ഇ-കൊമേഴ്സ്, കൊറിയർ പ്രവർത്തനങ്ങൾ രാവിലെ 7 മുതൽ രാത്രി 9 വരെ അനുവദനീയമാണ്.

9) മുൻകൂർ ബുക്ക് ചെയ്ത സ്റ്റേ വൗച്ചറുകൾ സഹിതം ഞായറാഴ്ച ടൂറിസത്തിന് അവരുടെ കാറുകളിൽ/ടാക്സികളിൽ യാത്ര ചെയ്യാനും ഹോട്ടൽ/റിസോർട്ട് പരിസരത്ത് താമസിക്കാനും അനുവദിക്കുന്നതാണ്.

10) സി എൻ ജി/ഐ എൻ ജി/ എൽ പി ജി ഇവയുടെ വിതരണം അനുവദനീയമാണ്

11) മത്സര പരീക്ഷകൾ നടത്താവുന്നതും അഡ്മിറ്റ് കാർഡുകൾ/ഐഡന്റിറ്റി കാർഡ്/ഹാൾ ടിക്കറ്റ് ഉപയോഗിച്ച് ഉദ്യോഗാർത്ഥികളുടെയും പരീക്ഷാ ഉദ്യോഗസ്ഥരുടെയും നീക്കം അനുവദിക്കാവുന്നതാണ്.

12) ഡിസ്പെൻസറികൾ/മെഡിക്കൽ സ്റ്റോറുകൾ/ആശുപത്രികൾ/മെഡിക്കൽ ഉപകരണ സ്റ്റോറുകൾ/നേഴ്സിംഗ് ഹോമുകൾ/ആംബുലൻസുകൾ/അനുബന്ധ സേവനങ്ങൾ, ജീവനക്കാരുടെ നീക്കങ്ങൾ.

13) ടോൾ ബൂത്തുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്.

14) പ്രിന്റ്, ഇലക്ട്രോണിക്, വിഷ്വൽ, സോഷ്യൽ മീഡിയ ഹൗസുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ അനുവദിക്കാവുന്നതാണ്.

15) ശുചീകരണ പ്രവർത്തനങ്ങൾക്ക് വിലക്കുകളില്ല

16) അടിയന്തര വാഹന അറ്റകുറ്റപ്പണികൾക്കുള്ള വർക്ക് ഷോപ്പുകൾ പ്രവർത്തിക്കാവുന്നതാണ്